(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

പ്രീഡിഗ്രി പ്ലസ് ടു കോഴ്സുകളുടെ ജില്ല തിരിച്ചുള്ള സീറ്റുകൾ

(468) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു കോളേജുകളിൽ നിന്ന് പൂർണ്ണമായും പ്രീഡിഗ്രി കോഴ്സ് നിർത്തലാക്കിയിട്ടുണ്ടോ ;

(ബി) പ്ലസ് ടു നടപ്പിലാക്കുന്നതിന് മുന്പ് കോളേജുകളിൽ എത്ര പ്രീഡിഗ്രി സീറ്റാണ് ഉണ്ടായിരുന്നത് ;

(സി) അവ ഏതെല്ലാം കോളേജുകളിലായിരുന്നുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഡി) ഇതുവരെ ഓരോ ജില്ലയ്ക്കും നൽകിയ പ്ലസ് ടു സീറ്റ് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്ലസ് ടു സീറ്റുകൾ നൽകിയ മാനേജുമെന്റ് വിദ്യാലയങ്ങളുടെ സമുദായം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ വർഷം കോളേജുകളിൽ പ്രീഡിഗ്രിക്ക് കുട്ടികളെ പ്രവേശിപ്പിക്കുകയില്ല.

(ബി&സി) പ്രീഡിഗ്രി സീറ്റുകളെ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ഡി&ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വിദ്യാഭ്യാസരംഗത്തെ പരിഷ്ക്കാരങ്ങൾ

(476) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസരംഗത്ത് മാറ്റം വരുത്താൻ എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ സർക്കാർ അടുത്തവർഷം എന്തെല്ലാം പരിഷ്ക്കരണ നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly